X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം സബ്ജക്ട് കമ്മിറ്റിയുടെ 2005-06 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 2005-ലെ കേരള ധനകാര്യബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VIII പ്രമേയം

(1) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് സഹായകരമാകുന്ന കേന്ദ്ര നിക്ഷേപം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം ഉണ്ടായ ഏറ്റവും വലിയ പൊതുമേഖലാ നിക്ഷേപത്തിലൂടെ വ്യവസായ രംഗത്ത് ഒരു വലിയ കുതിച്ചു ചാട്ടത്തിന് സംസ്ഥാനം തയ്യാറെടുക്കുന്ന ഒരു സുന്ദര മുഹൂർത്തമാണിത്. വർഷങ്ങളായി സർക്കാരും, പ്രതിപക്ഷവും നമ്മുടെ എം. പി. മാരും ആവർത്തിച്ചാവശ്യപ്പെടുന്ന രണ്ടു പദ്ധതികളാണ് വല്ലാർപാടം കണ്ടെയ്നർ ടെർമിനലും, കായംകുളം താപനിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കലും. ഈ രണ്ടു പദ്ധതികൾക്കും ശിലാസ്ഥാപനം നിർവ്വഹിച്ചതിലൂടെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് 21-ാം നൂറ്റാണ്ടിലേക്കുള്ള കേരളത്തിന്റെ വികസന പ്രയാണത്തിന് ആക്കം കൂട്ടിയിരിക്കുന്നു. നിരവധി അനുബന്ധ വ്യവസായങ്ങൾക്കുള്ള വാതായനങ്ങൾ തുറക്കുന്നതിലൂടെ കേരളത്തിന്റെ ശാപമായ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്താൻ കഴിയും. കേരളത്തിന്റെ ചിരകാല സ്വപ്നങ്ങൾ പുവണിയാൻ സഹായിച്ച പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനും കേന്ദ്ര സർക്കാരിനും ഇതിനുവേണ്ടി നിരന്തരം ശ്രമിച്ച എല്ലാ രാഷ്ട്രീയ നേതൃത്വത്തിനും ഈ സഭ നന്ദി പ്രകാശിപ്പിക്കുന്നു. ഈ വമ്പൻ പദ്ധതികൾ സാക്ഷാത്ക്കരിക്കുന്നതിന് ഭരണ പ്രതിപക്ഷ ഭേദമന്യേ ഒറ്റക്കെട്ടായി പോരാടുമെന്ന് ഈ സഭ ഉറക്കെ പ്രഖ്യാപിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ ഒരു ഭേദഗതി തന്നിട്ടുണ്ട്. It is already circulated.

LIBRARY ARCHIVES Kerala Legislative Assembly